**വടക്കാഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

253(999) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-21 കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും നിർമ്മാണവും പുരോഗതിയും പട്ടിക തിരിച്ച് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2016-2017 കാലഘട്ടത്തിൽ അഞ്ച് പ്രവൃത്തികൾക്കായി 35.15 ലക്ഷം രൂപയും 2017-18-ൽ മൂന്ന് പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയും 2018-19-ൽ ഒരു പ്രവൃത്തിക്കായി 13.70 ലക്ഷം രൂപയും 2019-20-ൽ മൂന്ന് പ്രവൃത്തികൾക്കായി 65 ലക്ഷം രൂപയും 2021-22-ൽ ഒരു പ്രവൃത്തിക്കായി 10 ലക്ഷം രൂപയും വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 10 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ എം.എൽ.എ.- എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായി മൂന്ന് പദ്ധതികളിലായി 37.30 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി 4100 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി ആകെ 672.38 ലക്ഷം രൂപയുടെ (ഒന്നാം ഘട്ടമായി 456.48 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 215.90 ലക്ഷം രൂപയും) പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. പദ്ധതികളുടെ വിശദമായ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ജൽനിധിയെ സംബന്ധിച്ച് 2020-21 വർഷത്തിൽ തെക്കുംകര പഞ്ചായത്തിലെ 2 പദ്ധതികളുടെ പുനരുദ്ധാരണത്തിന് തുക അനുവദിച്ചുവെങ്കിലും പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2016-21 കാലഘട്ടത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ശംഖുംമുഖം വേളി തീരങ്ങളിലെ കടലാക്രമണം**

254(1000) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശംഖുംമുഖം, വേളി തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly